**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി-II-ലെ സ്പെഷ്യൽ ഓഫീസറായ ശ്രീ.ടി.ബാലകൃഷ്ണൻ, ഐ.എ.എസ്.(റിട്ട.)ന്റെ നിയമനം വ്യവസ്ഥ ചെയ്തുകൊണ്ടും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിർണ്ണയിച്ചുകൊണ്ടും പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈ) നം.130/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/08/2020

---

പരാമർശം:- 1) 02/08/2019-ലെ സ.ഉ.(കൈ) നം.102/2019/തസ്വഭവ.

2) 23.09.2019 ലെ സ.ഉ(സാധാ) നം.2053/2019/ത.സ്വ.ഭ.വ.

3) തലസ്ഥാന നഗര വികസന പദ്ധതി II-ലെ സ്പെഷ്യൽ ഓഫീസറുടെ 24/01/2019 -ലെ കുറിപ്പ്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതി II-ൽ സ്പെഷ്യൽ ഓഫീസർ തസ്തിക സൃഷ്ടിച്ചുകൊണ്ടും പ്രസ്തുത തസ്തികയിൽ ശ്രീ.റ്റി.ബാലകൃഷ്ണൻ, ഐ.എ.എസ് (റിട്ട.)-നെ നിയമിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പിന്നീട് പരാമർശം (2) പ്രകാരം ടി ഓഫീസറുടെ നിയമനം കെ.എസ്.ആർ.ഭാഗം III ചട്ടം 100 പ്രകാരമുള്ള "Re-employment of Pensioner" (പെൻഷണറുടെ പുനർനിയമനം) വ്യവസ്ഥയിലായിരിക്കുമെന്നും തദനുസരണം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിർണ്ണയിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു. സെൻട്രൽ പെൻഷൻ റൂൾസ് പ്രകാരം സെൻട്രൽ പെൻഷൻ വാങ്ങുന്നതിനാൽ കെ.എസ്.ആർ. പ്രകാരം ശമ്പളം നിർണ്ണയിക്കാനാവില്ലെന്നും അതിനാൽ അഡീഷണൽ ചീഫ് സെക്രട്ടറി പദവിയും ആനുകൂല്യങ്ങളും അനുവദിക്കുകയും നിയമനം കരാർ വ്യവസ്ഥയിലേയ്ക്ക് മാറ്റി കരാർ വേതനമായി "അഡീഷണൽ ചീഫ് സെക്രട്ടറി റാങ്കിൽ അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറവ് ചെയ്യുന്ന തുക" അനുവദിക്കണമെന്നും നഗര വികസന പദ്ധതി-II സ്പെഷ്യൽ ഓഫീസർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതി II-ൽ സ്പെഷ്യൽ ഓഫീസർ തസ്തികയിൽ നിയമിതനായ ശ്രീ.റ്റി.ബാലകൃഷ്ണൻ, ഐ.എ.എസ് (റിട്ട.)-ന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ടുള്ള പരാമർശം (2)-ലെ ഉത്തരവിൽ ഭേദഗതി വരുത്തി, ശ്രീ.റ്റി.ബാലകൃഷ്ണൻ, ഐ.എ.എസ് (റിട്ട.)-ന്റെ ടി നിയമനം കരാർ വ്യവസ്ഥയിലേക്ക് മാറ്റിയും കരാർ വേതനമായി "അഡീഷണൽ ചീഫ് സെക്രട്ടറി റാങ്കിൽ അവസാനം വാങ്ങിയ ശമ്പളം-പെൻഷൻ" എന്ന് നിർണ്ണയിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി-II , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരളം,

തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ. & പി.ആർ.ഡി
ധനകാര്യ (ഡെവ.) വകുപ്പ് (ഡെവ.1/115/2019/ഡെവ-ഫിൻ പ്രകാരം)
പൊതു ഭരണ (എസ്.സി) വകുപ്പ് (26/08/2020 ലെ ഇനം.നം.4165 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ